കയർ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

43 (4098) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ ഉൽപ്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് കയർ സ്പിന്നിംഗ് മെഷീനുകൾ, ഡീ-ഫൈബറിംഗ് മില്ലുകൾ എന്നിവയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ രംഗത്ത് സർക്കാർ സ്ഥാപനമായ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്തൊക്കെ സേവനങ്ങൾ നൽകിവരുന്നു ;

(സി) ഈ രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി സഹകരണ മേഖലയിൽ എന്തൊക്കെ പുതിയ സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ സഹകരണ മേഖല, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുവാൻ മുതൽ മുടക്കിന്റെ 75% പരമാവധി 25 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു. ഈ വിഭാഗങ്ങളിലെ നിലവിലുള്ള മില്ലുകളുടെ പുനരുദ്ധാരണം, നവീകരണം എന്നിവയ്ക്കായി പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപ അനുവദിച്ചുവരുന്നു. സ്വകാര്യസംരംഭകർ ആരംഭിച്ച ഡീ-ഫൈബറിംഗ് മില്ലുകൾക്ക് 50% സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെയും, നവീകരണം, പുനരുദ്ധാരണം എന്നിവയ്ക്ക് പ്രോജക്ടിന്റെ 75% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

• ഇതിനുപുറമെ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത മിനി ഡീ-ഫൈബറിംഗ് മെഷീനുകളും വിതരണം ചെയ്തുവരുന്നു. 1000 എണ്ണം ഈ വർഷം തന്നെ വിതരണം ചെയ്യാനാണ് ലക്ഷ്യം.

• 25 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംഘങ്ങൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന ആലപ്പുഴ കയർ ക്ളസ്റ്റർ പദ്ധതി പ്രകാരവും, SFURTI ക്ളസ്റ്റർ പദ്ധതി പ്രകാരവും (കയർ ബോർഡ് നടപ്പിലാക്കുന്ന) ചിറയിൻകീഴ്, മങ്ങാട് (കൊല്ലം), വൈക്കം, പാലക്കാട് (പൊന്നാനി), ബേപ്പൂർ (കോഴിക്കോട്) പ്രദേശങ്ങളിലും ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണിക്കൂറിൽ ഏകദേശം 400 തൊണ്ടുവരെ സംസ്ക്കരിക്കുവാൻ കഴിയുന്ന ചെറിയ തരത്തിലുള്ള ഡീ-ഫൈബറിംഗ് മെഷീനുകൾ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവ സഹകരണസംഘങ്ങൾ, സ്വയം സഹായ ഗ്രൂപ്പുകൾ, സ്വകാര്യ സംരംഭകർ എന്നിവയ്ക്ക് നൽകിവരുന്നു.

• ഗുണനിലവാരം കൂടുതലുള്ള കയർ പിരിക്കാൻ ഉതകും വിധത്തിലുള്ള സ്പിന്നിംഗ് മെഷീൻ ഡിസൈൻ ചെയ്തെടുക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കയർ, കയർപിത്ത് ഇവ ഉപയോഗിച്ചുള്ള ബാഗ്, ചെരുപ്പ് എന്നിവ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്.

• കയർ ജിയോ ടെക്സ്റ്റയിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുന്നു.

(സി) സഹകരണ സ്ഥാപനമായ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പിവിസി ടഫ്റ്റഡ് ഫാക്ടറി, കയർ പിത്ത് ബ്രിക്കറ്റ് യൂണിറ്റ് ഇവ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

• കയർ ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ചെറുകിട ഉൽപാദകരെ സഹകരണ മേഖലയിൽ സംഘടിപ്പിച്ച് കൂടുതൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവരുന്നു.

• കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കാനും, നിലവിലുള്ളവ പുനരുദ്ധരിക്കാനും നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ താഴെ പറയുന്ന മറ്റു സംരംഭങ്ങളും കയർ മേഖലയുടെ പൊതുവായ വികസനം ലക്ഷ്യമാക്കി തുടങ്ങാൻ ഉദ്ദേശിക്കുന്നവയാണ്.

• കേരളത്തിലെ കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനായി ആലപ്പുഴയിൽ കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

• വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കണിച്ചുകുളങ്ങരയിൽ ഹോമില്ലിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയും, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറിയും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തൊണ്ട് സംഭരണം

44 (4099) ശ്രീ. പി. വിശ്വൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊണ്ട് സംഭരണത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly